# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1558. 01-11-2019 ൽ മറുപടിയ്ക്ക്

## നെൽകർഷകർ നേരിടുന്ന പ്രതിസന്ധികൾ

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(എ) കാലവസ്ഥാവ്യതിയാനം കാരണമുണ്ടാകുന്ന പ്രതിസന്ധികളാണ് നെൽകർഷകരെ ഏറ്റവും ഗുരുതരമായി ബാധിക്കുന്നത്.

ഇതിനു പുറമെ, രോഗ കീടങ്ങളുടെ ആക്രമണവും നെൽകൃഷിയെ ബാധിക്കുന്നുണ്ട്. നെൽകൃഷി മേഖലയിലെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്, വെള്ളക്കെട്ടുള്ള പൂന്തൽ പാടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന യന്ത്രങ്ങളുടെ അഭാവം, കൃത്യമായ സമയങ്ങളിൽ നെല്ല് സംഭരണം നടക്കാതിരിക്കൽ, നെല്ലിലെ മൂല്യവർദ്ധനവിനുള്ള സാധ്യതക്കുറവ് തുടങ്ങിയ പ്രശ്നങ്ങളും കർഷകർ അഭിമുഖീകരിക്കുന്നു.

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആയതിന് പ്രതിഫലം സമയബന്ധിതമായി കർഷകർക്ക് എത്തിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കേരളത്തിൽ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത് കേരളത്തിലെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് എടുത്ത് ആയതിന് കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ സംഭരണവില നൽകുന്നുണ്ട്. നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പി.ആർ.എസ് വായ്പാ പദ്ധതിയിലൂടെ സമയബന്ധിതമായി നെല്ലിന്റെ വില നൽകി വരുന്നു. പി.ആർ.എസ് വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി 16 ബാങ്കുകളാണ് 2018-19

സീസണിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഈ വായ്പ പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ള ബാങ്കുകൾ കർഷകർക്ക് പി.ആർ.എസ് തുക വായ്പയായി നൽകുകയും വായ്പയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വായ്പാതുക പലിശ സഹിതം സപ്ലൈകോ ബാങ്കിൽ അടച്ച് വായ്പാ ബാദ്ധ്യത തീർക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് 2018-19 കാലയളവിൽ 4659146 കിലോ നെല്ല് കർഷകരിൽ നിന്നും എടുത്തിരുന്നു. ഇതിന്റെ വിലയായ 1135 ലക്ഷം രൂപയിൽ 1125 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. ബാക്കി 10 ലക്ഷം രൂപ നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) കൊയ്ത്ത്/നടീൽ/ട്രാക്ടർ യന്ത്രങ്ങൾ ഏജൻസികൾ കൈവശപ്പെടുത്തി ആയതിന്റെ പ്രയോജനം സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) കർഷകർക്ക് കാർഷികയന്ത്രങ്ങളും അവ ഉപയോഗിച്ചുള്ള സേവനങ്ങളും യഥാസമയം മിതമായ നിരക്കിൽ ലഭിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് 297 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനയും 97 ബ്ലോക്കുകളിൽ അഗ്രോസർവ്വീസ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. സേവനം ലഭിക്കുന്നതിന് ഇവിടെ രജിസ്റ്റർ ചെയ്യുകയും, രജിസ്ട്രേഷന്റെ മുൻഗണനാ ക്രമത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ യന്ത്രങ്ങൾ സഹിതം കൃഷിയിടത്തിലെത്തി സേവനം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയും യന്ത്രം വാടകയ്ക്ക് ലഭ്യമാക്കുന്നുണ്ട്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ബുക്ക് ചെയ്യുവർക്ക് മുൻഗണനാക്രമത്തിൽ കൊടുക്കുമ്പോൾ ആവശ്യപ്പെടുന്ന ചില പാടശേഖരങ്ങൾക്ക് ഒരേ സമയം കൊയ്ത്ത് വരുമ്പോൾ യന്ത്രം സമയത്ത് കിട്ടാതെ വരാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ